**മധുരമായ കുട്ടികളേ – സദാ ഈ ലഹരിയിലിരിക്കൂ നമ്മൾ സംഗമയുഗീ ബ്രാഹ്മണരാണ്, നമുക്കറിയാം ഏത് ബാബയെയാണോ എല്ലാവരും വിളിച്ചുകൊണ്ടിരിക്കുന്നത്, ആ ബാബ നമ്മുടെ സന്മുഖത്തുണ്ട്.**

**ചോദ്യം:–** ഏത് കുട്ടികളുടെ ബുദ്ധിയോഗം ശരിയായിരിക്കും, അവർക്ക് ഏതൊരു സാക്ഷാത്ക്കാരമാണ് ഉണ്ടായികൊണ്ടിരിക്കുക?
**ഉത്തരം:–** സത്യയുഗീ പുതിയ രാജധാനിയിൽ എന്തെല്ലാം ഉണ്ടായിരിക്കും, എങ്ങനെ നമ്മൾ സ്ക്കൂളിൽ പഠിക്കും പിന്നീട് രാജ്യം ഭരിക്കും. സമീപത്തേക്ക് വന്നുകൊണ്ടിരിക്കേ ഈ എല്ലാ സാക്ഷാത്ക്കാരങ്ങളും ഉണ്ടായികൊണ്ടിരിക്കും. എന്നാൽ ആരുടെ ബുദ്ധിയോഗമാണോ ശരിയായിട്ടുള്ളത്, ആരാണോ തന്റെ ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കുന്നത്, ഉത്തരവാദിത്വങ്ങൾ ചെയ്തുകൊണ്ടും ഒരു ബാബയുടെ ഓർമ്മയിലിരിക്കുന്നത്, അവർക്ക് മാത്രമാണ് ഈ എല്ലാ സാക്ഷാത്ക്കാരവും ഉണ്ടാകുക.

**ഗീതം:–** ഓം നമോ ശിവായ....

**ഓം ശാന്തി**. ഭക്തിമാർഗ്ഗത്തിൽ ഏതെല്ലാം സത്സംഗങ്ങളുണ്ടോ, അതിൽ എല്ലാവരും പോയിട്ടുണ്ടായിരിക്കും. അവിടെ ഒന്നുകിൽ എല്ലാം ഓ ഗുരു എന്നോ അല്ലെങ്കിൽ രാമന്റെ പേരോ പറയും. ഇവിടെ കുട്ടികൾക്ക് ഒന്നും പറയേണ്ടതിന്റെ ആവശ്യമില്ല. ഒരു പ്രാവശ്യം പറഞ്ഞു കഴിഞ്ഞു, ഇടയ്ക്കിടയ്ക്ക് പറയേണ്ടതിന്റെ ആവശ്യമില്ല. ബാബയും ഒന്നു മാത്രമാണ്, ബാബ പറയുന്നതും ഒന്ന് തന്നെയാണ്. എന്താണ് പറയുന്നത്? കുട്ടികളെ എന്നെ മാത്രം ഓർമ്മിക്കൂ. ആദ്യം പഠിച്ച് പിന്നീട് ഇവിടെ വന്ന് ഇരിക്കുന്നു. നമ്മൾ ഏത് അച്ഛന്റെ കുട്ടികളാണോ ആ അച്ഛനെ ഓർമ്മിക്കണം. ഇതും ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിലൂടെ മനസ്സിലാക്കി നമ്മൾ എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒന്നാണ്. ലോകത്തിലുള്ളവർക്ക് ഇത് അറിയുകയില്ല. നിങ്ങൾക്കറിയാം നമ്മളെല്ലാവരും ആ അച്ഛന്റെ കുട്ടികളാണ്, ഗോഡ് ഫാദറെന്ന് എല്ലാവരും പറയുന്നു. ഇപ്പോൾ ബാബ പറയുകയാണ് ഞാനീ സാധാരണ ശരീരത്തിൽ വന്ന് നിങ്ങളെ പഠിപ്പിക്കുകയാണ്. നിങ്ങൾക്കറിയാം ബാബ ഇദ്ദേഹത്തിൽ വരുന്നു, നമ്മൾ ബാബയുടെതായി മാറിയിരിക്കുന്നു. ബാബ തന്നെയാണ് വന്ന് പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള വഴി പറഞ്ഞു തരുന്നത്. ഇത് മുഴുവൻ ദിവസത്തിലും ബുദ്ധിയിലുണ്ടായിരിക്കണം. എല്ലാവരും ശിവബാബയുടെ സന്താനങ്ങൾ തന്നെയാണ് എന്നാൽ നിങ്ങൾക്കേ അറിയൂ മറ്റാർക്കുമറിയില്ല. നമ്മൾ ആത്മാവാണെന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു, ബാബ നമുക്ക് ആജ്ഞ നൽകുകയാണ് എന്നെ ഓർമ്മിക്കൂ. ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത പിതാവാണ്. എല്ലാവരും നിലവിളിച്ചുകൊണ്ടിരിക്കുകയാണ് പതിത പാവനാ വരൂ, ഞങ്ങൾ പതിതമായിരിക്കുകയാണ്. ഇങ്ങനെ പറയുന്നത് ശരീരമല്ല. ആത്മാവ് ഈ ശരീരത്തിലൂടെ പറയുകയാണ്. 84 ജന്മങ്ങളെടുക്കുന്നതും ആത്മാവ് തന്നെയല്ലേ. നമ്മൾ അഭിനേതാക്കളാണെന്ന് ബുദ്ധിയിലുണ്ടായിരിക്കണം. ബാബയിപ്പോൾ നമ്മളെ ത്രികാലദർശിയാക്കി മാറ്റിയിരിക്കുകയാണ്. ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം നൽകി. ബാബയെ തന്നെയല്ലേ എല്ലാവരും വിളിക്കുന്നത്. വരൂ എന്ന് ഇപ്പോഴും അവർ പറയും, പറഞ്ഞുകൊണ്ടിരിക്കുന്നു ബാബ വന്നു കഴിഞ്ഞുവെന്ന് നിങ്ങൾ സംഗമയുഗീ ബ്രാഹ്മണർ പറയുന്നു. ഈ സംഗമയുഗത്തെയും നിങ്ങൾക്കറിയാം, ഇത് പുരുഷോത്തമ സംഗമയുഗമെന്ന് പാടപ്പെടുന്നു. പുരുഷോത്തമ യുഗം ഉണ്ടാകുന്നത് തന്നെ കലിയുഗത്തിന്റെ അന്ത്യത്തിനും സത്യയുഗ ആദിയുടെയും ഇടയിലാണ്. സത്യയുഗത്തിൽ സത്യ പുരുഷനും, കലിയുഗത്തിൽ അസത്യ പുരുഷനുമാണുണ്ടാവുന്നത്. സത്യയുഗത്തിലാരാണോ വന്ന് പോയത്, അവരുടെ ചിത്രമുണ്ട്. ഏറ്റവും പഴയതിലും പഴയ ചിത്രമാണിത്, ഇതിലും പഴയ ചിത്രം വേറെ ഉണ്ടായിരിക്കില്ല. ആവശ്യമില്ലാത്ത അനേകം ചിത്രങ്ങൾ മനുഷ്യരിരുന്നുണ്ടാക്കുന്നു. ആരാരെല്ലാം വന്ന് പോയെന്ന് നിങ്ങൾക്കറിയാം. എങ്ങനെയാണോ താഴെ അംബയുടെ ചിത്രം ഉണ്ടാക്കിയിരിക്കുന്നത് അഥവാ കാളിയുടെ ചിത്രം ഉണ്ടാക്കിയിരിക്കുന്നു, അങ്ങനെ കൈകളുള്ളവർ ഉണ്ടാവുക സാധ്യമല്ല. അംബയ്ക്കും രണ്ട് കൈകളല്ലേ ഉണ്ടായിരിക്കൂ. മനുഷ്യർ കൈകൾ കൂട്ടിചേർത്ത് പൂജിക്കുന്നു. ഇങ്ങനെ ഭക്തിമാർഗ്ഗത്തിൽ അനേക പ്രകാരത്തിലുള്ള ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. മനുഷ്യരെയും പല പ്രകാരത്തിൽ അലങ്കരിച്ചാൽ രൂപം തന്നെ മാറുന്നു. വാസ്തവത്തിൽ ഇങ്ങനെയുള്ള ചിത്രങ്ങളൊന്നും തന്നെയില്ല. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. ഇവിടെയാണെങ്കിൽ മനുഷ്യർ കൈയ്യും കാലുമില്ലാതെ പുറത്തേയ്ക്ക് വരുന്നു. സത്യയുഗത്തിൽ ഇങ്ങനെയുണ്ടായിരിക്കില്ല. സത്യയുഗത്തെയും നിങ്ങൾക്കറിയാം ആദിസനാതന ദേവീ ദേവതാ ധർമ്മമായിരുന്നു. ഇവിടെയാണെങ്കിൽ വസ്ത്രം തന്നെ നോക്കൂ ഓരോരുത്തർക്കും അവരവരുടെയായി എത്ര വെറൈറ്റിയാണ്. അവിടെയാണെങ്കിൽ എങ്ങനെയാണോ രാജാവും റാണിയും അതു

പോലെയാണ് പ്രജയും. എത്ര സമീപത്തേയ്ക്ക് പോകുന്നുവോ നിങ്ങൾക്ക് തന്റെ രാജധാനിയിലെ വസ്ത്രങ്ങളുടെയെല്ലാം സാക്ഷാത്ക്കാരം ഉണ്ടായികൊണ്ടിരിക്കും. നമ്മൾ ഇങ്ങനെയുള്ള സ്ക്കൂളിൽ പഠിക്കും, ഇതു ചെയ്യുന്നു എന്നെല്ലാം കണ്ടുകൊണ്ടിരിക്കും. ആരുടെ ബുദ്ധിയോഗമാണ് നല്ലതെന്ന് കാണുകയും ചെയ്യും. തന്റെ ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കുന്നു. ജോലി ഉത്തരവാദിത്വമെല്ലാം ചെയ്യുക തന്നെ വേണം. ഭക്തി മാർഗ്ഗത്തിൽ ജോലിയെല്ലാം ചെയ്യുമല്ലോ. ജ്ഞാനം ഒട്ടും ഉണ്ടായിരുന്നില്ല. ഇതെല്ലാം ഭക്തിയാണ്. അതിനെ പറയും ഭക്തിയുടെ ജ്ഞാനം. അവർക്ക് ഈ ജ്ഞാനം നൽകാൻ സാധിക്കില്ല, നിങ്ങൾക്ക് വിശ്വത്തിന്റെ അധികാരിയായി എങ്ങനെ മാറാം. നിങ്ങൾ ഇവിടെയിപ്പോൾ പഠിച്ച് ഭാവിയിലെ വിശ്വത്തിന്റെ അധികാരിയാവുന്നു. ഈ പഠിപ്പ് പുതിയ ലോകം, അമരലോകത്തിന് വേണ്ടിയുള്ളതാണെന്ന് നിങ്ങൾക്കറിയാം. ബാക്കി അമർനാഥിൽ ശങ്കരൻ പാർവ്വതിക്ക് അമരകഥയൊന്നും കേൾപ്പിക്കുന്നില്ല. അവർ ശിവനെയും-ശങ്കരനെയും ഒന്നാക്കിയിരിക്കുന്നു.

ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്, ഇദ്ദേഹവും കേൾക്കുന്നു. ബാബയ്ക്കല്ലാതെ സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം ആർക്ക് മനസ്സിലാക്കി തരാൻ സാധിക്കും. ഇതൊരു സാധൂ-സന്യാസിയൊന്നുമല്ല. എങ്ങനെയാണോ നിങ്ങൾ ഗൃഹസ്ഥത്തിൽ കഴിഞ്ഞിരുന്നത്, ഇദ്ദേഹവും അതുപോലെയാണ്. വസ്ത്രങ്ങളെല്ലാം അതു തന്നെയാണ്. എങ്ങനെയാണോ വീട്ടിൽ അമ്മയും അച്ഛനും കുട്ടികളുമുള്ളത്, വ്യത്യാസമൊന്നുമില്ല. ബാബ ഈ രഥത്തിൽ സവാരി ചെയ്ത് കുട്ടികളുടെയടുത്തേയ്ക്ക് വരുന്നു. ഇദ്ദേഹത്തെ ഭാഗ്യശാലീ രഥമെന്ന് പാടപ്പെടുന്നു. ചിലപ്പോൾ കാളയുടെ മേലുള്ള സവാരിയും കാണിക്കുന്നു. മനുഷ്യർ തലതിരിഞ്ഞ് മനസ്സിലാക്കിയിരിക്കുകയാണ്. എന്താ കാളയുടെ ക്ഷേത്രമുണ്ടാകുമോ? കൃഷ്ണൻ രാജകുമാരനാണ്, കൃഷ്ണനൊരിക്കലും കാളയുടെ മുകളിലിരിക്കുന്നില്ല. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ വളരെ ആശയക്കുഴപ്പത്തിലാണ്. മനുഷ്യർക്ക് ഭക്തിയുടെ ലഹരിയാണ്. നിങ്ങൾക്ക് ജ്ഞാനത്തിന്റെ ലഹരിയാണ്. ഈ സംഗമത്തിൽ ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ ഈ ലോകത്തിലാണ് എന്നാൽ ബുദ്ധികൊണ്ടറിയാം നമ്മൾ ബ്രാഹ്മണർ സംഗമയുഗത്തിലാണ്. ബാക്കി എല്ലാ മനുഷ്യരും കലിയുഗത്തിലാണ്. ഇത് അനുഭവത്തിന്റെ കാര്യമാണ്. ബുദ്ധി പറയുന്നു നമ്മൾ കലിയുഗത്തിൽ നിന്ന് ഇപ്പോൾ പുറത്ത് വന്നിരിക്കുകയാണ്. ബാബ വന്നു കഴിഞ്ഞിരിക്കുന്നു. ഈ പഴയ ലോകം മാറാനുള്ളതാണ്. ഇത് നിങ്ങളുടെ ബുദ്ധിയിലുണ്ട്, മറ്റാർക്കുമിതറിയുകയില്ല. ഒരു വീട്ടിൽ തന്നെ ഇരിക്കുന്നവരാണെങ്കിലും, ഒരു കുടുംബത്തിലേതാണെങ്കിലും, അതിൽ തന്നെ അച്ഛൻ പറയും ഞാൻ സംഗമയുഗിയാണ്, കുട്ടി പറയും അല്ല, ഞങ്ങൾ കലിയുഗത്തിലാണ്. അത്ഭുതമല്ലേ. കുട്ടികൾക്കറിയാം - നമ്മുടെ പഠനം പൂർത്തിയാകുമ്പോൾ വിനാശമുണ്ടാകും. തീർച്ചയായും വിനാശമുണ്ടാകണം. നിങ്ങളിലും ചിലർക്കറിയാം, ഈ കാണുന്ന ലോകം വിനാശമാവുന്നതാണെങ്കിൽ പുതിയ ലോകത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പിൽ മുഴുകും. പെട്ടിയെല്ലാം തയ്യാറാക്കും. ബാക്കി കുറച്ച് സമയമേയുള്ളൂ, ബാബയുടെതായി മാറി. വിശന്ന് മരിക്കുകയാണെങ്കിലും ആദ്യം ബാബ പിന്നെ കുട്ടികൾ. ഇത് ബാബയുടെ ഭണ്ഢാരയാണ്. നിങ്ങൾ ശിവബാബയുടെ ഭണ്ഡാരയിൽ നിന്നാണ് കഴിക്കുന്നത്. ബ്രാഹ്മണർ ഭക്ഷണമുണ്ടാക്കുന്നു അതുകൊണ്ടതിനെ ബ്രഹ്മാഭോജനമെന്ന് പറയുന്നു. ആരാണോ പവിത്ര ബ്രാഹ്മണർ, ഓർമ്മയിലിരുന്ന് ഉണ്ടാക്കുന്നത്, ബ്രാഹ്മണർക്കല്ലാതെ ശിവബാബയുടെ ഓർമ്മയിൽ മറ്റാർക്കുമിരിക്കാൻ സാധിക്കില്ല. ലൗകിക ബ്രാഹ്മണർ ശിവബാബയുടെ ഓർമ്മയിലിരിക്കുന്നില്ല. എവിടെയാണോ ബ്രാഹ്മണർ ഭോജനമുണ്ടാക്കുന്നത് അതാണ് ശിവബാബയുടെ ഭണ്ഢാര. ബ്രാഹ്മണർ യോഗത്തിലിരിക്കുന്നു. പവിത്രം തന്നെയാണ്. ബാക്കി യോഗത്തിന്റെ കാര്യമാണ്. ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. വാചകമടി നടക്കില്ല. ഇങ്ങനെയാർക്കും പറയാൻ സാധിക്കില്ല ഞാൻ സമ്പൂർണ്ണ യോഗത്തിലാണ് അല്ലെങ്കിൽ 80 ശതമാനം യോഗത്തിലാണ്. ആർക്കും പറയാൻ സാധിക്കില്ല. ജ്ഞാനവും വേണം. നിങ്ങൾ കുട്ടികളിൽ യോഗി അവരാണ് ആരാണോ തന്റെ ദൃഷ്ടിയിലൂടെ ആരെയെങ്കിലും ശാന്തമാക്കുന്നത്. ഇതും ശക്തിയാണ്. തീർത്തും ശാന്തമായി തീരും, എപ്പോഴാണോ നിങ്ങൾ അശരീരിയായിമായി ബാബയുടെ ഓർമ്മയിലിരിക്കുന്നത് അതാണ് സത്യമായ ഓർമ്മ. വീണ്ടും ഇത് അഭ്യസിക്കണം. എങ്ങനെയാണോ ഇവിടെ നിങ്ങൾ ഇരിക്കുന്നത്, ഈ അഭ്യാസം ചെയ്യിപ്പിക്കുകയാണ്. എന്നിട്ടും എല്ലാവരുമൊന്നും ഓർമ്മയിലിരിക്കുന്നില്ല. അവിടെയും ഇവിടെയും ബുദ്ധി അലഞ്ഞുകൊണ്ടിരിക്കുന്നു. അത് പിന്നീടത് നഷ്ടമുണ്ടാക്കുന്നു. ഇവിടെ ഗദ്ദിയിൽ ഇരുത്തേണ്ടത് അവരെയാണ് ആരാണോ സ്വയം ഡ്രിൽ ടീച്ചറാണെന്ന് മനസ്സിലാക്കുന്നത്. ബാബയുടെ ഓർമ്മയിൽ മുന്നിലിരിക്കുന്നു. ബുദ്ധിയോഗം മറ്റെവിടെയ്ക്കും പോകരുത്. നിശ്ശബ്ദത നിറയും. നിങ്ങൾ അശരീരി ആയി മാറുകയും ബാബയുടെ ഓർമ്മയിലിരിക്കുകയും ചെയ്യുന്നു. ഇതാണ് സത്യമായ ഓർമ്മ. സന്യാസിമാരും ശാന്തിയിലിരിക്കുന്നു, അവർ ആരുടെ ഓർമ്മയിലാണിരിക്കുന്നത്? അത് ഒരു യഥാർത്ഥ ഓർമ്മയല്ല. ആർക്കും ഒരു പ്രയോജനവും നൽകാൻ സാധിക്കില്ല. അവർക്ക് സൃഷ്ടിയെ ശാന്തമാക്കാൻ സാധിക്കില്ല. ബാബയെ അറിയുക പോലുമില്ല. ബ്രഹ്മത്തെ

തന്നെ ഭഗവാനെന്ന് മനസ്സിലാക്കിയിരിക്കുന്നു. അതൊരിക്കലുമല്ല. ഇപ്പോൾ നിങ്ങൾക്ക് ശ്രീമതം ലഭിച്ചിരിക്കുകയാണ് – സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. നമ്മൾ 84 ജന്മങ്ങളെടുക്കുന്നുവെന്ന് നിങ്ങൾക്കറിയാം. ഓരോ ജന്മത്തിലും മെല്ലെ–മെല്ലെ കല കുറഞ്ഞ് വരുന്നു. എങ്ങനെയാണോ ചന്ദ്രന്റെ കല കുറഞ്ഞു വരുന്നത്. കാണുന്നതിലൂടെ അത്രയൊന്നും അറിയാൻ പറ്റില്ല. ഇപ്പോൾ ആരും സമ്പൂർണ്ണരായി മാറിയിട്ടില്ല. മുന്നോട്ട് പോകുമ്പോൾ നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും. ആത്മാവ് എത്ര ചെറുതാണ്. അതിന്റെയും സാക്ഷാത്ക്കാരമുണ്ടാകുന്നു. ഇല്ലായെങ്കിൽ ഇവരിൽ ലൈറ്റ് കുറവാണ്, ഇവരിൽ കൂടുതലാണെന്ന് സന്ദേശികുട്ടികളെങ്ങനെ പറയും. ദിവ്യദൃഷ്ടിയിലൂടെ തന്നെയാണ് ആത്മാവിനെ കാണുന്നത്. ഇതും എല്ലാം ഡ്രാമയിലടങ്ങിയതാണ്. എന്റെ കൈയ്യിലൊന്നുമല്ല. ഡ്രാമ എന്നിലൂടെ ചെയ്യിക്കുന്നു, ഇതെല്ലാം ഡ്രാമയനുസരിച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ഭോഗ് മുതലായവയെല്ലാം ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. സെക്കന്റ് ബൈ സെക്കന്റ് അഭിനയമുണ്ടാകുന്നു.

പാവനമായി മാറുന്നതെങ്ങനെയാണെന്നുള്ള പഠിപ്പ് ബാബയിപ്പോൾ നൽകുകയാണ്. ബാബയെ ഓർമ്മിക്കണം. പതിതമായി മാറുകയും പിന്നീട് പാവനമായി മാറുകയും ചെയ്യുന്ന ആത്മാവ് എത്ര ചെറുതാണ്. അത്ഭുതകരമായ കാര്യമല്ലേ. നിഗൂഢ ശക്തിയെന്ന് പറയാറില്ലേ. നിങ്ങളെല്ലാവരും ബാബയിൽ നിന്ന് നിഗൂഢമായ കാര്യങ്ങൾ കേൾക്കുകയാണ്. ഏറ്റവും വലിയ നിഗൂഢമായ കാര്യമാണ് – ആത്മാവിന്റെയും പരമാത്മാവിന്റെയും, ഇതാർക്കും അറിയുകയില്ല. ഋഷി–മുനിമാർക്കൊന്നും തന്നെ അറിയുകയില്ല. ഇത്രയും ചെറിയ ആത്മാവ് തന്നെയാണ് കല്ലുബുദ്ധിയും പിന്നീട് പവിഴ ബുദ്ധിയുമാകുന്നത്. ബുദ്ധിയിൽ ഈ ചിന്ത നടന്നുകൊണ്ടിരിക്കണം നമ്മൾ ആത്മാവ് കല്ലുബുദ്ധിയായിരുന്നു, ഇപ്പോൾ വീണ്ടും ബാബയുടെ ഓർമ്മയിലൂടെ പവിഴബുദ്ധിയായി മാറികൊണ്ടിരിക്കുകയാണ്. ലൗകിക രീതിയിലാണെങ്കിൽ അച്ഛനും വലുതായിരിക്കും അതുപോലെ ടീച്ചറും ഗുരുവും വലിയവരെയായിരിക്കും ലഭിക്കുന്നത്. ഇതാണെങ്കിൽ ഒരേയൊരു ബിന്ദുവായ അച്ഛനും, ടീച്ചറും, ഗുരുവുമാണ്. മുഴുവൻ കല്പത്തിലും ദേഹധാരിയെ ഓർമ്മിക്കുന്നു. ഇപ്പോൾ ബാബ പറയുകയാണ് – എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ ബുദ്ധിയെ എത്ര സൂക്ഷ്മമാക്കി മാറ്റുന്നു. വിശ്വത്തിന്റെ അധികാരിയായി മാറുക – എന്താ ചെറിയ കാര്യമാണോ! ഈ ലക്ഷ്മീ നാരായണൻ സത്യയുഗത്തിന്റെ അധികാരിയായി മാറിയതെങ്ങനെയാണെന്ന കാര്യം പോലും ആരും ചിന്തിക്കുന്നില്ല. നിങ്ങളും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് അറിയുന്നത്. പുതിയ ആർക്കും തന്നെ ഈ കാര്യം മനസ്സിലാക്കാൻ സാധിക്കില്ല. ആദ്യം വലിയ രൂപത്തിൽ മനസ്സിലാക്കി തന്നു പിന്നെ സൂക്ഷ്മതയിലൂടെ മനസ്സിലാക്കി തരുന്നു. ബാബ ബിന്ദുവാണ്, അവർ പിന്നീട് ഇത്രയും വലിയ വലിയ ലിംഗ രൂപം ഉണ്ടാക്കുന്നു. മനുഷ്യരുടെയും വളരെ വലിയ ചിത്രമുണ്ടാക്കുന്നു. എന്നാൽ അങ്ങനെയല്ല. മനുഷ്യ ശരീരം ഇവിടെയാണുണ്ടാവുന്നത്. ഭക്തിയിൽ എന്തെല്ലാമാണിരുന്നുണ്ടാക്കിയിരിക്കുന്നത്. മനുഷ്യർ വളരെയധികം ആശയക്കുഴപ്പത്തിലാണ്. ബാബ പറയുകയാണ് എന്താണോ കഴിഞ്ഞു പോയത് അത് വീണ്ടും സംഭവിക്കും. ഇപ്പോൾ നിങ്ങൾ ബാബയുടെ ശ്രീമതത്തിലൂടെ നടക്കൂ. ഇദ്ദേഹത്തിനും ബാബ ശ്രീമതം നൽകി, സാക്ഷാത്ക്കാരം ചെയ്യിച്ചല്ലോ. നിനക്ക് ഞാൻ ചക്രവർത്തീ പദവി നൽകുന്നു, ഇപ്പോൾ ഈ സേവനത്തിൽ മുഴുകൂ. തന്റെ സമ്പത്തെടുക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യൂ. ഇതെല്ലാം ഉപേക്ഷിക്കൂ. അതിനാൽ ഇദ്ദേഹവും നിമിത്തമായി. എല്ലാവരുമൊന്നും ഇങ്ങനെ നിമിത്തമായി മാറുന്നില്ല, ആർക്കാണോ ലഹരി കൂടുതലുള്ളത് അവർ വന്ന് ഇരിക്കും. നമുക്കാണെങ്കിൽ രാജ്യഭാഗ്യം ലഭിക്കുന്നു. പിന്നീട് ഈ പണമെല്ലാം എന്തു ചെയ്യാനാണ്! അതിനാൽ ബാബയിപ്പോൾ കുട്ടികളെ കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിക്കുകയാണ്, രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്, പറയുന്നുമുണ്ട് ഞങ്ങൾ ഈ ലക്ഷ്മീ നാരായണനിൽ നിന്നും കുറയുകയില്ല. എങ്കിൽ ശ്രീമതത്തിലൂടെ നടന്നു കാണിക്കൂ. അതുമിതും പറയരുത്. ബാബ പറഞ്ഞിട്ടില്ല – ഭാര്യയുടെയും കുട്ടികളുടെ അവസ്ഥയെന്താവും. ആക്സിഡന്റിൽ ചിലർ പെട്ടെന്ന് മരിക്കുകയാണെങ്കിൽ എന്താ ആരെങ്കിലും വിശന്നിരിക്കുമോ! ഏതെങ്കിലും മിത്ര സംബന്ധികൾ കഴിക്കുന്നതിന് വേണ്ടി നൽകുന്നു. ഇവിടെ നോക്കൂ ബാബ പഴയ കുടിലിൽ ഇരിക്കുന്നു. നിങ്ങൾ കുട്ടികൾ പോയി കൊട്ടാരങ്ങളിലിരിക്കുന്നു. ബാബ പറയും കുട്ടികളെ നല്ല രീതിയിൽ കഴിയൂ, കഴിക്കൂ, കുടിക്കൂ. ഒന്നും കൊണ്ടുവരാതെ വന്നവർക്കും എല്ലാം നല്ല രീതിയിൽ ലഭിക്കുന്നു. ഈ ബാബയെക്കാൾ നല്ല രീതിയിൽ താമസിക്കുന്നു. ശിവബാബ പറയുകയാണ് ഞാൻ തന്നെയാണ് രമതായോഗി. ആരുടെയും മംഗളം ചെയ്യാൻ പോകാൻ സാധിക്കും. ആരാണോ ജ്ഞാനീ കുട്ടികൾ അവരൊരിക്കലും സാക്ഷാത്ക്കാരം മുതലായ കാര്യങ്ങളിൽ സന്തോഷിക്കുകയില്ല. അവർക്ക് യോഗമല്ലാതെ മറ്റൊന്നും തന്നെയില്ല. ഈ സാക്ഷാത്ക്കാരത്തിന്റെ കാര്യങ്ങളിൽ സന്തോഷിക്കരുത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) യോഗത്തിലൂടെ അങ്ങനെയുള്ള സ്ഥിതിയുണ്ടാക്കണം ദൃഷ്ടിയിലൂടെ തന്നെ ആരെയും ശാന്തമാക്കാൻ കഴിയണം. തികച്ചും നിശ്ശബ്ദത പരക്കണം. ഇതിനുവേണ്ടി അശരീരിയാകുന്നതിന്റെ അഭ്യാസം ചെയ്യണം.

2) ജ്ഞാനത്തിന്റെ സത്യമായ ലഹരിയിലിരിക്കുന്നതിന് വേണ്ടി ഓർമ്മയുണ്ടായിരിക്കണം നമ്മൾ സംഗമയുഗിയാണ്, ഇപ്പോൾ ഈ പഴയ ലോകം മാറാനുള്ളതാണ്, നമ്മൾ നമ്മുടെ വീട്ടിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. സദാ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കണം, മുട്ടുന്യായം പറയരുത്.

## വരദാനം:- പരമാത്മാ കൂടിക്കാഴ്ചയിലൂടെ ആത്മീയ സംഭാഷണത്തിന്റെ ശരിയായ പ്രതികരണം പ്രാപ്തമാക്കുന്ന ബാബക്ക് സമാനം ബഹുരൂപിയായി ഭവിക്കട്ടെ.

ബാബ ബഹുരൂപിയാണ്-സെക്കന്റിൽ നിരാകാരത്തിൽ നിന്ന് ആകാരി വസ്ത്രം ധരിക്കുന്നു, അതേപോലെ താങ്കളും ഈ മണ്ണിന്റെ(ദേഹബോധം) വസ്ത്രം ഉപേക്ഷിച്ച് ആകാരി ഫരിസ്താ വസ്ത്രം, തിളങ്ങുന്ന വസ്ത്രം ധരിക്കൂ എങ്കിൽ സഹജമായി കൂടിക്കാഴ്ചയും നടക്കും, ആത്മീയ സംഭാഷണത്തിന്റെ വ്യക്തമായ പ്രതികരണവും മനസ്സിലാകും, എന്തുകൊണ്ടെന്നാൽ ഈ ഡ്രസ്സ് പഴയ ലോകത്തിന്റെ വൃത്തിയിൽ നിന്നും വൈബ്രേഷനിൽ നിന്നും മായയുടെ വെള്ളത്തിൽ നിന്നും തീയിൽ നിന്നും സുരക്ഷിതമായിരിക്കും. ഇതിൽ മായക്ക് ഇടപെടാൻ സാധിക്കുകയില്ല.

## സ്ലോഗൻ:- ദൃഢത അസംഭവ്യത്തെപ്പോലും സംഭവ്യമാക്കിത്തരുന്നു.

### അവ്യക്ത സൂചനകൾ:- ആത്മീയ റോയൽറ്റിയുടെയും പവിത്രതയുടെയും പെഴ്സനാലിറ്റി ധാരണ ചെയ്യൂ.

ബ്രഹ്മാകുമാർ എന്നതിന്റെ അർത്ഥം തന്നെ ഇതാണ്- സദാ പവിത്രതയുടെ പെഴ്സനാലിറ്റിയിലും റോയൽറ്റിയിലും ഇരിക്കുക. ഈ പവിത്രതയുടെ വ്യക്തിത്വം വിശ്വത്തിലെ ആത്മാക്കളെ അതിന് നേരെ ആകർഷിതരാക്കും മാത്രമല്ല ഇതേ പവിത്രതയുടെ റോയൽറ്റി(രാജകീയത) ധർമ്മരാജപുരിയിൽ റോയൽറ്റി (കപ്പം) കൊടുക്കുന്നതിൽ നിന്ന് വിടുതൽ നൽകും. ഈ റോയൽറ്റിക്കനുസരിച്ച് ഭാവിയിൽ റോയൽ കുടുംബത്തിൽ വരാൻ സാധിക്കും. എങ്ങിനെയാണോ ശരീരത്തിന്റെ പെഴ്സനാലിറ്റി ദേഹബോധത്തിലേക്ക് കൊണ്ടുവരുന്നത് , അതേപോലെ പവിത്രതയുടെ പെഴ്സനാലിറ്റി ദേഹി അഭിമാനിയാക്കി മാറ്റി ബാബയുടെ സമീപത്തേക്ക് കൊണ്ടുവരുന്നു.